5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് കുട്ടികളെ കൊണ്ടു വരുന്നതിന് 100 രൂപ (കുറഞ്ഞത് അഞ്ച് കുട്ടികളെയെങ്കിലും)

6. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന്150 രൂപയും പുരുഷന്മാർക്ക് 200 രൂപയും

7. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)

8. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

9. ടി.ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ

10. കുട്ടികൾക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50 രൂപ.

(ബി) ആശമാരുടെ പ്രവർത്തനത്തിന് ഒരു പ്രത്യേക സമയക്രമം നിജപ്പെടുത്തിയിട്ടില്ല. എങ്കിലും ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും ഫീൽഡ് തലത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും അതാത് പ്രദേശത്തെ ജെ.പി.എച്ച്.എൻ-മാരാണ്.

സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ രോഗികൾക്കുള്ള ആനുകൂല്യങ്ങൾ

105 (T* 2383) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം), ഹിമോഫീലിയ എന്നിവ ബാധിച്ച രോഗികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇവർക്ക് പെൻഷൻ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പൂവർ പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിന് 8-1-2016-ലെ 129/2016/ആ.കു.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും രക്തം സൗജന്യമായി കൊടുക്കുന്നു. ടൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 2000 രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പും നോൺടൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000 രൂപ വീതവും ധനസഹായമായി നൽകിവരുന്നു. ഹീമോഫീലിയ രോഗം ബാധിച്ച് വരുന്ന രോഗികൾക്ക് ഫാക്ടർ 8, 9 എന്നിവ സൗജന്യമായി കൊടുക്കുന്നു. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച ഹീമോഫീലിയ രോഗികൾക്ക് പ്രത്യേക ക്ലിനിക്ക് നടത്തുന്നുണ്ട്. എല്ലാ ദിവസവും വരുന്ന ഹീമോഫീലിയ രോഗികൾക്ക് വേണ്ട ചികിത്സയും കൗൺസിലിംഗും നടത്തുന്നുണ്ട്. അംഗവൈകല്യത്തിനുള്ള സർട്ടിഫിക്കറ്റും ട്രെയിനിൽ യാത്രാസൗജന്യത്തിനുള്ള സർട്ടിഫിക്കറ്റും കൊടുക്കുന്നുണ്ട്. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1,000 രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്നു.

(ബി) സിക്കിൾ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 2000 രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000 രൂപ വീതവും ധനസഹായമായി നൽകിവരുന്നു.

കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1,000 രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ നൽകിവരുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോമിൽ ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് RTGS ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.